കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. എ.എൽ.പി-പി11-122/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477-2252753
ഇ.മെയിൽ: ddhglfalpy@gmail.com

തീയതി.29.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ- എ.എൽ.പി- പി11-122/2020 തീയതി:29.05.2020

# ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 06.07.2018 മുതൽ 22.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2020മുതൽ 01.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ.കെ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി എ.ഡി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജിമോൾ. പി.സി, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. പത്മിനി. ഡി | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. വി. ബാബു | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. പ്രസീജ. ആർ | 01.04.2018 മുതൽ 07.03.2019 വരെ |
| | ശ്രീമതി. സബിത. എസ്.ജി | 08.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. അഖില. ബി. ജയകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. റജീന. റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സ്വപ്ന. റ്റി. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. റാണി ഭരതൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. അപർണ്ണ. എ | 01.04.2018 മുതൽ 24.10.2018വരെ |
| | ശ്രീമതി. ജലജകുമാരി. കെ | 25.10.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, കടക്കരപ്പള്ളി | ശ്രീമതി. നിഷ. എ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, തങ്കി | ശ്രീമതി. ബിജുമോൾ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സലീല. എം | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ്, ഗവ. എൽ.പി.എസ്. | ശ്രീമതി. പത്മകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. സാജൻ.എസ് | 01.04.2018 മുതൽ 13.06.2018 വരെ |
| | ശ്രീമതി. സൂര്യ. പി. എസ് | 14.06.2018 മുതൽ 24.10.2018 വരെ |
| | ശ്രീമതി. അഞ്ജലീദേവി. സി.എ | 25.10.2018 മുതൽ 31.03.2019 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം | ഖണ്ഡിക നം | ഭാഗം -1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത |
| 13 | 1-13 | ബിൽഡിംഗ് പെർമിറ്റ് -ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. |
| 14 | 1-14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച് |
| 15 | 1-15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 16 | 1-16 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 17 | 1-17 | സ്കൂളിൽ പച്ചക്കറി കൃഷിത്തോട്ടം - അപാകതകൾ |
| 18 | 1-18 | സമഗ്ര തെങ്ങ്കൃഷി വികസനം - അപാകതകൾ |
| 19 | 1-19 | എച്ച്.എം. നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ |
| 20 | 1-20 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ |
| 21 | 1-21 | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - നിർവ്വഹണത്തിലെ അപാകതകൾ |
| 22 | 1-22 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 23 | 1-23 | കുടിവെള്ളം ഗാർഹിക കണക്ഷൻ (എസ്.സി.)- പൂർണ്ണമായ രേഖകളില്ലാതെ തുക നൽകി |

| | | |
|---|---|---|
| 24 | 1-24 | അഡ്വാൻസ് നൽകിയെങ്കിലും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. |
| 25 | 1-25 | അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം - അപാകതകൾ |
| 26 | 1-26 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല |
| 27 | 1-27 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചിട്ടില്ല. |
| 28 | 1-28 | പൊതുമരാമത്ത് മേഖലയിൽ നടപ്പാക്കിയ പ്രോജക്റ്റുകൾ -പൊതു അപാകതകൾ |
| 29 | 1-29 | കരാർ വച്ചതിനുശേഷം വർക്ക് പൂർത്തിയാക്കുന്നതിന് കാലതാമസം വന്നു |
| 30 | 1-30 | റൂഫ് മെയിന്റനൻസ് - പഴയസാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല |
| 31 | 1-31 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ സപ്ളൈചെയ്തതിനു TDS പിടിച്ചില്ല |
| ഭാഗം -2 | | |
| ഇല്ല | | |
| ഭാഗം -3 | | |
| ഇല്ല | | |
| ഭാഗം -4 | | |
| 32 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 33 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 36 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 37 | 4-6 | സ്ഥിര നിക്ഷേപം |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം |
| 40 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 41 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 43 | അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 44 | അനുബന്ധം2 | . |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

28.02.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 04.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 162765466 | 159958000 |
| വാർഷിക കണക്ക് പ്രകാരം | 96222376 | 89800927 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല.

2) സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.

3)ഘടക സ്ഥാപന മേധാവികളും സെക്രട്ടറിയും തയ്യാറാക്കിയ നോൺ പ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി കൈമാറിയതിന് രേഖകളില്ല.

4) അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടുള്ളതായി രേഖയില്ല.

5) ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല.

6) പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടുള്ളതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

7)ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 08.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5366441 |
| വരവ് | 90855935 |
| ആകെ | 96222376 |
| ചെലവ് | 89800927 |
| നീക്കിയിരിപ്പ് | 6421449 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19103203 | 19103203 | 18801852 | 301351 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1797000 | 1797000 | 1031931 | 765069 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 104000 | 104000 | 13349 | 90651 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5151000 | 5151000 | 4877953 | 273047 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3895000 | 3895000 | 3037314 | 857686 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8762393 | 8762393 | 5807719 | 2954674 |

കുറിപ്പ്:-
സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിക്കുന്ന തുകകൾ പ്രത്യേകം ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന സർക്കാർ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല. തനതുഫണ്ട് അക്കൗണ്ടിലാണ് സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 121062751 | 79 | 73373220 | 25 | 21 | 63.2 % |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

**ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 5242478 രൂപ നഷ്ടമായി**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം **5242478** രൂപ പഞ്ചായത്തിന് നഷ്ടമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 301351 |
| വികസന ഫണ്ട് എസ്.സി.പി. | 765069 |

| | |
|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 90651 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 273047 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 857686 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2954674 |
| **ആകെ** | **5242478** |

വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12345 | 1880931 | 1893276 | 1752287 | 140989 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 71201713 | 71201713 | 71201713 | 0 |
| ആകെ | 12345 | 73082644 | 73094989 | 72954000 | 140989 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 604080 | 290 |
| കർഷകതൊഴിലാളി പെൻഷൻ | 2894900 | 232 |
| വിധവാപെൻഷൻ | 4527200 | 406 |
| വാർദ്ധക്യകാലപെൻഷൻ | 16692500 | 1801 |
| വികലാംഗപെൻഷൻ | 3723500 | 306 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 360000 | 12 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 806000 | 68 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3936/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2020 | ഡിസംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2017-22.02.2017 | 2015-16 | 29.03.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി.11-559/2019 തീയതി. 27.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

**മറ്റ് അപാകത**

1. വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ യഥാർത്ഥ വരവ് 19236000 രൂപയാണ്. ഇതിൽ 132426 രൂപ വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശിക ഇനത്തിലും 371 രൂപ വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിലും ഉറവിടത്തിൽ കുറവ് ചെയ്തതാണ്. എന്നാൽ AFS,ACR എന്നിവയിൽ പ്രസ്തുത തുക ഉൾപ്പെടുത്താതെയാണ് ആകെ വരവും ചെലവും കണക്കിലെടുത്തിട്ടുള്ളത്. തന്മൂലം യഥാർത്ഥ വരവ് ചെലവ് കണക്കുകളെയല്ല വാർഷിക ധനകാര്യ പത്രിക പ്രതിഫലിപ്പിക്കുന്നത്.

2. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ ലഭിച്ച 360000 രൂപ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല.

### 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 40/-രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 40/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| സനൽകുമാർ, വിജയലാൽ ബംഗ്ലാവ് | IV/339 A,B,C,D,E,F,G,H,I | 153.88 |
| ശ്രീകുമാർ, ആരതി ഹൌസ് | V/133A,B,C,D | 112.72 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.18/31.01.2020) നൽകിയ മറുപടിയിൽ ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-13 ബിൽഡിംഗ് പെർമിറ്റ് -ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു

2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 229813/ആർ.ഡി2/2016 നം കത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഇതു മൂലം ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | ഉപയോഗം | നിരക്ക് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ജിമ്മി,പാനേഴത്ത്,തൈക്കൽ | 265.14 | പാർപ്പിടം | @3/ച.മീ | 2386 | 1591 | 795 |
| 2 | ജയേഷ്, ഗൌരീശങ്കരം | 244.12 | പാർപ്പിടം | “ | 2197 | 1465 | 732 |
| 3 | നിധീഷ് എസ്, പുത്തൻതറയിൽ | 191.1 | പാർപ്പിടം | “ | 1720 | 1147 | 573 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ജയിനമ്മ സെബാസ്റ്റ്യൻ, കടവിൽപറമ്പിൽ | 175.5 | പാർപ്പിടം | “ | 1580 | 1053 | 527 |
| 5 | സിദ്ധാർത്ഥൻ,ബ്രാഹ്മണവെളി | 62 | വാണിജ്യം | @5/ച.മീ | 930 | 620 | 310 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ, സോഫ്റ്റ്‌വെയറിൽ ഇത്തരത്തിൽ ക്രമവത്ക്കരണ ഫീസ് ജനറേറ്റ് ചെയ്യുന്നതിനാലാണ് ഈ നിരക്കിൽ ഈടാക്കിവരുന്നതെന്നറിയിച്ചു. വിഷയം ഐ.കെ.എം - ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നില്ലായെന്നു കാണുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കി ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്. എന്നാൽ ഇത് പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടയുടമകൾ,കള്ള്ഷാപ്പുകൾ എന്നിവ 2018-19 വർഷം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. 1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കും അബ്കാരി ഷാപ്പുകൾക്കും (പട്ടിക ക്രമ നം-149,139) ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

അടുത്ത സാമ്പത്തിക വർഷം മുതൽ എല്ലാ സ്ഥാപനങ്ങൾക്കും മുൻകൂർ നോട്ടീസ് നൽകി മാർച്ച് മാസത്തിന് മുമ്പായി ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം പ്രവൃത്തികൾ കരാർ പ്രകാരം ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. നിരവധി കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നുണ്ടെങ്കിലും ഇവരിൽ നിന്നും വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. 30.11.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 46/2018, ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉത്തരവ് പ്രകാരം റേഷൻ വ്യാപാരികളുടെ കുറഞ്ഞ ശമ്പളം 16000/- രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/30.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ ആളുകളിൽ നിന്നും വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-16 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ പ്രകാരം 273 ടാപ്പുകളുടെ വെള്ളക്കരമായി 119438/- രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിൽ നിന്നും ഡിമാന്റ് ചെയ്യുന്നത്. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി പ്രതിമാസം ഡിമാന്റ് ചെയ്യുന്ന തുകയിൽ നിന്നും അതത് മാസത്തെ ഡിമാന്റ് തുക (കുടിശ്ശിക ഒഴികെ)മാത്രം അടക്കുകയാണ് ചെയ്തുവരുന്നത്. വെള്ളക്കരം അടയ്ക്കുന്നതിനായി, റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1450000/- രൂപ വകയിരുത്തി കേരള വാട്ടർ അതോറിറ്റിയിലേക്ക് വെള്ളക്കരം അടയ്ക്കൽ (പ്രോജക്ട് നം.6/19) എന്ന പ്രോജക്ടിന് അംഗീകാരം വാങ്ങുകയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1194380/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇത് കൂടാതെ 238876/- രൂപ തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 11.04.2018-ലെ 2110/LSG/1ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2018- ൽ 700054/- രൂപയാണ് കുടിശ്ശികയുള്ളത്. കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 2% ഫൈൻ ഈടാക്കുന്നതിനാൽ 31.03.2019 – ൽ കുടിശ്ശിക 883827/- രൂപയായി (866824+17003, ബിൽ നം. 33018/7.3.2019 ) വർദ്ധിച്ചു. ഇത് ഗ്രാമ പഞ്ചായത്തിന് വലിയ ബാധ്യത ആയി വരുമെന്നതിനാൽ ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കപ്പെടുന്ന ടാപ്പുകൾക്ക് അനുസൃതമായ തുക അടവാക്കുന്നതിനും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിശ്ശിക തുക 132426/- രൂപ വികസനഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. ഇത് ഗ്രാമപഞ്ചായത്തിൽ ജി.ഒ. പ്രോജക്ടായി തയ്യാറാക്കിയിട്ടുണ്ട് (139/19). എന്നാൽ ഈ തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ഈ തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-17 സ്കൂളിൽ പച്ചക്കറി കൃഷിത്തോട്ടം - അപാകതകൾ

പ്രോജക്ട് നം. - S0052/19

പ്രോജക്ടിന്റെ പേര് - സ്കൂളിൽ പച്ചക്കറി കൃഷിത്തോട്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസന ഫണ്ട് - 25000/-

ഗുണഭോക്തൃവിഹിതം(സ്വയം വഹിക്കുന്നത് ) - 25000/-

ആകെ അടങ്കൽ - 50000/-

ചെലവ് വിവരം - ബിൽ നം.3/18-19/28.2.19/25000/-

പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ പച്ചക്കറികൃഷിത്തോട്ടം ഒരുക്കുന്നതിനായി, ജി.എൽ.പി.എസ്.കടക്കരപ്പള്ളി, ജി.യു.പി.എസ്.കടക്കരപ്പള്ളി, ജി.എൽ.പി.എസ്.കൊട്ടാരം, ജി.എൽ.പി.എസ്.തൈക്കൽ എന്നീ 4 സ്കൂളുകൾക്ക് 6250/- വീതം ആകെ 25000/- രൂപ നൽകി. 4 സ്കൂളുകളും ഹാജരാക്കിയിരിക്കുന്നത് Eat t safe എന്ന സ്ഥാപനത്തിന്റെ ബില്ലാണ്. ബില്ലുകളുടെ വിശദാംശവും അപാകതയുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ | ബിൽ | ഇനം | തുക | സ്കൂൾ | അപാകത |
|---|---|---|---|---|---|
| | | | | | |
| 1 | 80/21.1.19 | Pot filled as per standard using cowdung, neemcake, compost and hybrid seedlings | 12000 | HM Govt UPS Kottaram | രണ്ട് സ്കൂളുകൾക്കും ഒരേ ബിൽ ഉപയോഗി ച്ചിരിക്കുന്നു |
| 2 | 80/21.1.19 | Pot filled as per standard using cowdung, neemcake, compost and hybrid seedlings | 12000 | HM Govt LPS thykkal | |
| 3 | 82/21.1.19 | Pot filled as per standard using cowdung,neemcake,compost and hybrid seedlings | 12000 | HM Govt LPS Kottaram kply | രണ്ട് സ്കൂളുകൾക്കും ഒരേ ബിൽ ഉപയോഗിച്ചിരി ക്കുന്നു<br>ക്രമ നം. 3 പ്രകാരമുള്ള ബില്ലിൽ സ്കൂളിന്റെ പേര് തെറ്റായി രേഖ പ്പെടുത്തിയിരിക്കുന്നു. |
| 4 | 82/21.1.19 | Pot filled as per standard using cowdung,neemcake,compost and hybrid seedlings | 12000 | HM Govt UPS Kottaram | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/31.1.2020), 80 മുതൽ 83 വരെയുള്ള ബില്ലുകൾ സ്കൂളുകളുടെ പേരെഴുതാതെയാണ് സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയതെന്നും, ബില്ലുകൾ ഫോട്ടോസ്റ്റാറ്റെടുത്ത് ഫയൽ ചെയ്തപ്പോൾ അശ്രദ്ധ മൂലം ഒരേ ബിൽ നമ്പറുള്ളവ വെക്കുകയും ആയതിൽ സ്കൂളുകളുടെ പേരെഴുതി ചേർക്കുകയുമാണ് ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. സ്ഥാപനത്തിൽ നിന്നും ശൂന്യമായ ബില്ലുകൾ വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ബില്ലിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. 4 സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർ സാധനങ്ങൾ വാങ്ങിയതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥ തന്നെയാണ് ലഭ്യമാക്കിയിട്ടുള്ളത്. വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകളിൽ ആവശ്യമായ വിവരങ്ങൾ പിന്നീട് എഴുതിച്ചേർക്കുന്നത് ബില്ലിന്റെ ആധികാരികതയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. ആയതിനാൽ 25000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബില്ലിലെ അപാകതകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-18 സമഗ്ര തെങ്ങ്കൃഷി വികസനം - അപാകതകൾ

പ്രോജക്ട് നം - S0049/19

പ്രോജക്ടിന്റെ പേര് - സമഗ്ര തെങ്ങ്കൃഷി വികസനം(തെങ്ങ് വെട്ട്, വളം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസന ഫണ്ട് - 858150/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) - 143600/-

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) - 477000/-

ആകെ അടങ്കൽ - 1478750/-

<u>ചെലവ് വിവരം</u>

| | | |
|---|---|---|
| 1 | ബിൽ നം.11/18-19/28.2.19 | 76875/- |
| 2 | ബിൽ നം.8/18-19/19.3.19 | 118125/- |
| 3 | ബിൽ നം.14/18-19/25.3.19 | 23195/- |
| 4 | ബിൽ നം.12/18-19/23.3.19 | 57455/- |
| 5 | ചെക്ക് നം.2434732/30.3.19 | 143600/- |
| | ആകെ | 419250/- |

അംഗീകരിച്ച പ്രോജക്ട് പ്രകാരം, കീടരോഗ ബാധയേറ്റ തെങ്ങുകൾ വെട്ടി മാറ്റുന്നതിന് 1000/- രൂപ ആനുകൂല്യം നൽകി പുതിയ തെങ്ങിൻതൈ വെച്ച് പിടിപ്പിക്കുക, തെങ്ങിൻ തൈയുടെ വിലയുടെ 50% കർഷകർക്ക് സബ്സിഡി നൽകുക, ജൈവവളം 75% സബ്സിഡിയിൽ നൽകുക എന്നിവയാണ് ലക്ഷ്യമിട്ടത്.

<u>വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.</u>

| ക്രമ നം | സ്ഥാപനം,ബിൽനം(ഇൻവോയ്സ് നം)/തീയതി | ഇനം | നിരക്ക് | അളവ് | തുക | ബിൽ നം./ തീയതി | നൽകിയ തുക | |
|---|---|---|---|---|---|---|---|---|
| | | | | | | | ഗുണ.വി | വികസന ഫണ്ട് |
| 1 | പൂജ അഗ്രി ഡിസ്റ്റിബ്യൂട്ടേഴ്സ്, 309/23.2.19 | Neemcake | 21 | 2.5M.T | 52500 | ബിൽ നം.11/18-19 /28.2.19/76875/- | 64895 (ചെക്ക് നം. 2434732/ 30.3.19) | 39375+ 118125+ 28580 = |
| 2 | പൂജ അഗ്രി ഡിസ്റ്റിബ്യൂട്ടേഴ്സ്, 305/25.1.19 | Neemcake | 21 | 7500kg | 157500 | ബിൽ നം.8/18-19 /19.3.19/118125/- | | |
| 3 | പൂജ അഗ്രി ഡിസ്റ്റിബ്യൂട്ടേഴ്സ്, 305/25.1.19 | Neemcake | 21 | 3850kg (77bag) | 80850 | ബിൽ നം.12/18-19 /23.3.19/57455/- | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| ആകെ | | | | | 290850 | | 64895 | 186080 |

മേൽ പട്ടികയിലുള്ള ബില്ലുകളിൽ നിന്നായി (ക്രമനം.1,2,3) പൂജ അഗ്രി ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും 290850/- രൂപയുടെ ജൈവവളം വാങ്ങി. എന്നാൽ വികസനഫണ്ടിൽ നിന്നും 186080/- രൂപയും, ഗുണഭോക്തൃവിഹിതമിനത്തിൽ 64895/- രൂപയും ഉൾപ്പടെ 250975/- രൂപ മാത്രമാണ് സ്ഥാപനത്തിന് നൽകിയത്. 39875/- രൂപ നൽകിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/30.1.2020), ക്രമ നം. 3 പ്രകാരം ലഭ്യമാക്കിയ ബില്ലിലെ രേഖപ്പെടുത്തലിൽ സംഭവിച്ച പിശകാണെന്നും, ആയതിന് പകരം, പൂജ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 317/23.3.19 നം. ബിൽ ഹാജരാക്കി. ഹാജരാക്കിയ ബിൽ പ്രകാരം, 1925 കി.ഗ്രാം ജൈവവളത്തിന്റെ വില 40425/- രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് 550/- രൂപ ഗുണഭോക്തൃവിഹിതം അധികം നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|
| ജൈവവളത്തിന്റെ ആകെ തുക | ഗുണ.വിഹിതം - 64895<br>വികസനഫണ്ട്- 186080<br>ആകെ - 250975 | 550/-<br>(250975-250425) |
| 250425 (52500+157500+40425) | | |

എപ്പോൾ ആവശ്യപ്പെട്ടാലും യഥേഷ്ടം ബില്ലുകൾ ലഭ്യമാകുന്ന സാഹചര്യം തന്നെ ക്രമക്കേടിനുള്ള സൂചനയാണ്. അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 എച്ച്.എം. നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ

**I) SSA വിഹിതം – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല**

എസ്.എസ്.എ വിഹിതം നൽകുന്നതിനായി, വികസനഫണ്ടിൽ നിന്നും 1197496 രൂപ വകയിരുത്തി അംഗീകാരം ലഭിച്ച S0010/19 നമ്പർ പ്രോജക്ടിൽപ്പെടുത്തി ബിൽ നം. 1/18തീയതി. 19.07.2018 പ്രകാരം 1197496 രൂപ സർവ്വശിക്ഷാ അഭിയാന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1197496 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**II) സ്കൂളുകൾക്ക് പ്രഭാതഭക്ഷണം – നിർവ്വഹണത്തിലെ അപാകതകൾ**

ഗ്രാമപഞ്ചായത്തിലെ 5 സ്കൂളുകളിലെ എൽ.പി., യു.പി വിഭാഗത്തിൽപ്പെട്ട 756 കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി അംഗീകാരം ലഭിച്ച സ്കൂളുകൾക്ക് പ്രഭാതഭക്ഷണം (നം. S0029/19) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 400000 രൂപ വകയിരുത്തിയിരുന്നു. 386290 രൂപ 2018-19 വർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)പ്രഭാതഭക്ഷണം നൽകുന്നതിനായി ക്ഷണിച്ച ടെൻഡർ, റീടെൻഡർ എന്നിവയിൽ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചതായി ഫയലിൽ കാണുന്നു. ലഭിച്ച ക്വട്ടേഷൻ സംബന്ധമായ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ഭക്ഷണം സപ്ലൈ ചെയ്ത ശ്രീ. സജീവ്. പി.ആർ, എസ്.എസ്. കാറ്ററിംഗ് സർവ്വീസ് എന്ന വ്യക്തിയുടെ

അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

3) ശ്രീ. സജീവ്. പി.ആർ നൽകിയിട്ടുള്ള ബില്ലിൽ ഏതൊക്കെ ഭക്ഷണമാണ് വിതരണം ചെയ്തതെന്നുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല.

4) സ്ഥാപനം ജി.എസ്.റ്റി രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല. ജി.എസ്.റ്റി രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

5) മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 386290 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ചെലവ്:**

| ബിൽ നം./തീയതി | തുക |
|---|---|
| 5/18/ 21.01.2019 | 16140/- |
| 6/19/15.02.2019 | 151200/- |
| 13/19/28.02.2019 | 60400/- |
| 14/19/15.03.2019 | 83050/- |
| 15/19/ 21.03.2019 | 75500/- |
| ആകെ | 386290/- |

**III)സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുക – ജി.എസ്.ടി ടിഡിഎസ് അടവാക്കിയിട്ടില്ല**

കടക്കരപ്പള്ളി ഗവ. എൽ.പി.എസ്-ൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ ഈ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും 9650/- രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 490000/- രൂപയും ഉൾപ്പെടെ 499650/- രൂപയാണ് വകയിരുത്തിയത്. ടെൻഡർ ക്ഷണിച്ച് RJ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 499097/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. RJ എന്റർപ്രൈസസിൽ നിന്നും Invoice No. RJE00823/08.02.2019 പ്രകാരം 249997/- രൂപയുടേയും Invoice No. RJE00742/15.01.2019 പ്രകാരം 249100/- രൂപയുടേയും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ GST ആക്ട് 2017 സെക്ഷൻ 51 പ്രകാരം 01.10.2018 മുതൽ വാങ്ങലുകൾക്ക് ബാധകമാക്കിയിട്ടുള്ള 2% ജി.എസ്.ടി. ടിഡിഎസ് ഈടാക്കിയിട്ടില്ലാത്തതിനാൽ സർക്കാരിന് 9982 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

**ചെലവ്:**

| ബിൽ നം./തീയതി | തുക |
|---|---|
| 10/19/19.02.19 | 249997/- |
| 11/19/19.02.19 | 240003/- |
| 12/19/26.02.19 | 9097/- |
| ആകെ | 499097/- |

## 1-20 ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

### I) മത്സ്യതൊഴിലാളികളുടെ പ്രൊഫഷണൽ ഡിഗ്രിക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (S0019/19)

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച ഈ പ്രോജക്ടിന്റെ അടങ്കൽ വികസനഫണ്ട് 300000 രൂപയും ബ്ലോക്ക് വിഹിതം 210000 രൂപയും ഉൾപ്പെടെ 510000 രൂപയാണ്. ടെൻഡർ ക്ഷണിച്ച്, ചേർത്തല ആൽഫാനെറ്റ് സിസ്റ്റംസിൽ നിന്നും ഒരു ലാപ് ടോപ്പിന് 29750 രൂപ പ്രകാരം 17 ലാപ് ടോപ്പുകൾ 505750 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 01.10.2018 മുതൽ വാങ്ങലുകൾക്ക് ബാധകമാക്കിയിട്ടുള്ള 2% ജി.എസ്.ടി. ടിഡിഎസ് ഈടാക്കിയിട്ടില്ല. ഇതുമൂലം സർക്കാരിന് 10115 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

| ഇൻവോയ്സ് നം. | ലാപ്ടോപ്പിന്റെ എണ്ണം | തുക |
|---|---|---|
| ALFA/0391<br>23.02.1019 | 7 | 208250 |
| ALFA/0393 26.02.2019 | 4 | 119000 |
| ALFA/0338<br>28.12.2018 | 6 | 178500 |

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമാണ് ഈ ഇനത്തിൽ സബ്സിഡി നൽകാവുന്നത്. എന്നാൽ ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികൾ ഇതിനുമുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതിന് രേഖയില്ല.

3) ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) ലാപ് ടോപ്പ് കൈപ്പറ്റിയ മരിയ ഗ്രേസിയ എന്ന വിദ്യാർത്ഥിനി ഉന്നതവിദ്യാഭ്യാസം നടത്തുന്നതാണെന്നുള്ളതിന്റെ തെളിവായി തിരുവനന്തപുരം ലോ കോളേജിൽ നിന്നുള്ള 27.10.2016-ലെ സാക്ഷ്യപത്രത്തിന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 2015-2020 കാലയളവിൽ Bcom, LLB കോഴ്സിനാണ് പഠിക്കുന്നതെന്ന് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സാക്ഷ്യപത്രത്തിന്റെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല. മാത്രമല്ല 27.10.2016- ലെ സാക്ഷ്യപത്രം ആയതിനാൽ ഇതിനുമുമ്പ് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല.

5) ലാപ്ടോപ്പ് കൈപ്പറ്റിയ എഡ്വിൻ ഡെന്നിസ് എന്ന വിദ്യാർത്ഥി ഉന്നതവിദ്യാഭ്യാസം നടത്തുന്നതാണെന്നുള്ളതിന്റെ തെളിവായി ചേർത്തല ഗവ. പോളി ടെക്നിക്കിൽ നിന്നുള്ള 22.11.2018-ലെ സാക്ഷ്യപത്രത്തിൽ, കുട്ടി 2017-18 വർഷം Electronic and Communication Engineering Diploma Course ന് പഠിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷം പഠനം നടത്തുന്ന/പഠനം തുടരുന്ന എന്ന് സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/31.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമ നം.4, 5 പ്രകാരമുള്ള ചെലവ് 59500/- (29750X2) രൂപ തടസ്സപ്പെടുത്തുന്നു.

**ചെലവ്:**

| ചെക്ക് നം./ബിൽ നം./തീയതി | തുക |
|---|---|
| 1/18-19 / 29.12.2018 | 178500/- |
| 4/18-19 / 26.03.2019 | 119000/- |
| ചെക്ക് നം.2434507/27.03.2019 | 208250/- |

**II) മത്സ്യതൊഴിലാളികളുടെ സ്കൂൾ വിദ്യാർത്ഥികളായ മക്കൾക്ക് മേശ, കസേര (S0001/19)**

മത്സ്യതൊഴിലാളികളുടെ സ്കൂൾ വിദ്യാർത്ഥികളായ മക്കൾക്ക് മേശ, കസേര എന്നിവ 90 എണ്ണം വീതം ARTCO LTD (Artisans Development Co-Operative Ltd) ൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 706500 രൂപ (ബിൽ നം. 2/18-19 തീയതി. 26.03.2019) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമാണ് ഈ ഇനത്തിൽ സബ്സിഡി നൽകാവുന്നത്. എന്നാൽ മേശ, കസേര എന്നിവ കൈപ്പറ്റിയ വിദ്യാർത്ഥികൾ ഇതിനുമുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതിന് രേഖയില്ല.

2) ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) അലീന ആന്റണി, പള്ളിക്കത്തയ്യിൽ എന്ന വിദ്യാർത്ഥിനി മേശ, കസേര എന്നിവ കൈപ്പറ്റിയതായി വിതരണരജിസ്റ്ററിൽ ഒപ്പുരേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/31.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**III)രജിസ്ട്രേഷൻ ഉള്ള വള്ളങ്ങളിലെ പഴയ വല മാറ്റി പുതിയ വല വാങ്ങുന്ന പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല**

മത്സ്യതൊഴിലാളികൾക്ക് വല വാങ്ങി നൽകുന്നതിനായി അംഗീകാരം ലഭിച്ച S0003/19 -ാം നമ്പർ പ്രോജക്ടിനായി വികസനഫണ്ട് 100000 രൂപയും സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്തൃവിഹിതം 100000/- രൂപയും ഉൾപ്പെടെ 200000/-രൂപ വകയിരുത്തിയിരുന്നു. മത്സ്യഫെഡ് വ്യാസ സ്റ്റോറിൽ നിന്നും 3 ഗുണഭോക്താക്കൾക്ക് വല വാങ്ങുന്നതിനായി 75000/- രൂപ വികസനഫണ്ടും 75000/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 150000/- രൂപ (50000x3) ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് നാലുവർഷത്തിലൊരിക്കൽ മാത്രമേ വല നൽകുന്നതിനുള്ള ആനുകൂല്യം നൽകാവൂ. എന്നാൽ ഗുണഭോക്താക്കൾ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതിന് രേഖയില്ല. മാത്രമല്ല, ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/31.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ചെലവ്:**

| | |
|---|---|
| ബിൽ നം.3/18-19/ 23.03.2019 | 75000/- |
| ചെക്ക് നം. 2434730/ 27.03.2019 | 75000/- |

### 1-21 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം - S0122/19 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വികസന ഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്) - 142000/-

ചെലവ് വിവരം - ബിൽ നം.12/18-19/31.12.18/142000/-

പഞ്ചായത്ത് പരിധിയിലുള്ള 11 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷന് വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ് ഡിവിഷൻ, ചേർത്തല 142000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി. ആയതിന് ധനേഷ് സേവ്യർ സമർപ്പിച്ച ടെണ്ടർ 16.12.17 ലെ 2(3) തീരുമാനം പ്രകാരം അംഗീകരിച്ചു. എന്നാൽ പദ്ധതിനിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തതിന്റെ വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ക്ഷമതയുള്ള എഞ്ചിനീയർ ബില്ല് തയ്യാറാക്കുകയോ, ഉപരിപരിശോധന നടത്തുകയോ ചെയ്തിട്ടില്ല.

3) മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

ബിൽ തയ്യാറാക്കി നൽകാതെ തന്നെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ((നം.21/1.2.2020), പദ്ധതിയുടെ സാങ്കേതികവശം അറിയാതിരുന്നതിലെ പിഴവ് മൂലമാണിത് സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. ചെയ്ത പ്രവൃത്തികളുടെ ബില്ല് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകാതെ , അനുവദിച്ച 142000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി നിർവ്വഹണത്തിന്റെ കൃത്യതയും ആധികാരികതയും വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് 25.1.2020ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1), ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

കെട്ടിടം -കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 15 എണ്ണം സ്വന്തം കെട്ടിടത്തിലും, സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത 4 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

കുടിവെള്ളം- സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്. വാടകയിൽ പ്രവർത്തിക്കുന്നവയ്ക്കും കുടിവെള്ളം ലഭ്യമാണ്.

ടോയ് ലെറ്റ്- ടോയ് ലെറ്റ് സൗകര്യം എല്ലാ അങ്കണവാടികൾക്കും ഉണ്ട്. ബേബി ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മിക്കുന്നതിനുള്ള സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ആയത് ഇല്ല.

വൈദ്യുതി- 19 അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- സ്വന്തം കെട്ടിടമുള്ള 10 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ളവയ്ക്ക് ചുറ്റുമതിൽ ഇല്ല.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യമുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19വർഷം ലഭ്യമാക്കിയിട്ടില്ല.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അങ്കണവാടികളിൽ പ്രവേശനോത്സവം നടത്താറുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 4 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും,ചുറ്റുമതിൽ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ് . അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി. 2/2011/ ത.സ്വ.ഭ.വ /22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-23 കുടിവെള്ളം ഗാർഹിക കണക്ഷൻ (എസ്.സി.)-പൂർണ്ണമായ രേഖകളില്ലാതെ തുക നൽകി

പ്രോജക്ട് നം. - S0023/19

പ്രോജക്ടിന്റെ പേര് - കുടിവെള്ളം ഗാർഹിക കണക്ഷൻ (എസ്.സി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ(തങ്കി)

വികസനഫണ്ട് (എസ്.സി.പി) - 150000/-

സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ/ തീ.14.2.18 പ്രകാരം, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് തദ്ദേശ സ്ഥാപന പദ്ധതിയിൽ നിന്നും ഗാർഹിക കുടിവെള്ള കണക്ഷനായി യഥാർത്ഥ ചെലവ് അനുവദിച്ച് നൽകാവുന്നതാണ്. പ്രോജക്ടിൽ ഉൾപ്പെടുത്തി 12 എസ്.സി. ഗുണഭോക്താക്കൾക്കായി 91781/- രൂപ ആനുകൂല്യം നൽകി. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നം/തീയതി/തുക |
|---|---|---|---|
| 1 | അനിത | 6750 | ബിൽ നം.2/18-19/28.9.18/16750 |
| 2 | ഷീബ | 10000 | ബിൽ നം.2/18-19/28.9.18/16750 |
| 3 | ഷാജി | 5000 | ബിൽ നം.3/18-19/28.9.18/5000 |
| 4 | ചന്ദ്രമണി | 8184 | ബിൽ നം.10/18-19/14.1.19/8184 |
| 5 | ഷാജി.എൻ | 10000 | ബിൽ നം.11/18-19/14.1.19/10000 |
| 6 | ജ്യോതിമോൾ | 7418 | ബിൽ നം.16/18-19/28.2.19/17460 |
| 7 | നാരായണൻ.കെ.കെ | 10042 | ബിൽ നം.16/18-19/28.2.19/17460 |
| 8 | ഉഷ | 7787 | ബിൽ നം.18/18-19/22.3.19/15087 |
| 9 | ഷീബ.എം.പി | 7300 | ബിൽ നം.18/18-19/22.3.19/15087 |

| | | | |
|---|---|---|---|
| 10 | രമണി | 7300 | ബിൽ നം.19/18-19/22.3.19/13300 |
| 11 | തങ്കമ്മ | 6000 | ബിൽ നം.19/18-19/22.3.19/13300 |
| 12 | രാധ | 6000 | ബിൽ നം.20/18-19/22.3.19/6000 |

പ്ലംബിംങ് ലൈസൻസി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ തുക ഓരോ ഗുണഭോക്താവിനും നൽകി. എന്നാൽ കുടിവെള്ള കണക്ഷന് വേണ്ടി പൈപ്പ്, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/1.2.2020), സബ്സിഡി മാർഗ്ഗരേഖയിൽ എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെ എസ്റ്റിമേറ്റോ വാല്യുവേഷനോ വാങ്ങി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ലായിരുന്നു എന്ന് മറുപടി ലഭ്യമാക്കി. എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെ എസ്റ്റിമേറ്റോ വാല്യുവേഷനോ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. യഥാർത്ഥ ചെലവ് അനുവദിച്ച് നൽകിയതിനുള്ള ബില്ലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 91781/- രൂപ തടസ്സപ്പെടുത്തുന്നു. യഥാർത്ഥ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-24 അഡ്വാൻസ് നൽകിയെങ്കിലും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ (KMSCL) അക്കൌണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നം. | KMSCLന് നൽകിയ തുക/പ്രോഫോർമ ഇൻവോയ്സ് നം. | ലഭിച്ച മരുന്നുകൾ/ ഇൻവോയ്സ് നം | ലഭിക്കാനവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|
| ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും (പ്രോജക്ട് നം.S0058/19) | 23000/- (PRF4065/ 24.1.19) | 2711/- (Inv No.7708/ 06.11.19) | 20289/- |
| പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.S0057/19 ) | 50,000/- (PRF 3924/17.1.19) | ലഭിച്ചിട്ടില്ല. | 50,000/- |
| | 18500/- (PRF 3923/17.01.19) മെഡിക്കൽ ഉപകരണങ്ങൾ | ലഭിച്ചിട്ടില്ല. | 18,500/- |

| | |
|---|---|
| ആകെ | 88789/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം.5,30.1.2020) മറുപടിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (KMSCL) കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിനും മെഡിക്കൽ ഉപകരണങ്ങൾക്കുമായി ചെലവഴിച്ച 88789/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-25 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം - അപാകതകൾ

പ്രോജക്ട് നം. - S0018/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

വികസന ഫണ്ട് - 515340/-

ചെലവ് വിവരം - ബിൽ നം.9/18-19/17.9.18/515340/-

ഫെഡറൽ ബാങ്ക് തങ്കിയിലുള്ള സി.ഡി.എസ് അക്കൗണ്ട് നം.12260100097134 ലേക്ക് 17.9.18 ൽ തുക നൽകി. പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രകാരം 2018-19 ൽ ഗുണഭോക്താക്കൾക്ക് ഭക്ഷണ ചെലവിലേക്കായി വിനിയോഗിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക പിൻവലിച്ച തീയതി | പിൻവലിച്ച തുക |
|---|---|---|
| 1 | 26.9.18 | 34000 |
| 2 | 9.10.18 | 30000 |
| 3 | 19.12.18 | 33900 |
| 4 | 25.3.19 | 45000 |
| 5 | 26.3.19 | 70000 |
| ആകെ | | 212900 |

2018-19 സാമ്പത്തിക വർഷം 212900/- രൂപ മാത്രമാണ് ചെലവഴിച്ചത്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/1.2.2020), 2018 നവംബർ, 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സർവ്വേ, പ്രോജക്ട് രൂപീകരണം, പദ്ധതി അംഗീകാരം വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾ മൂലം ഭക്ഷണവിതരണം നടത്താൻ സാധിച്ചില്ല, 2019 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ബാക്കി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. ഇതിൽ നിന്നും ആവശ്യകത നിർണ്ണയിക്കാതെയാണ് പ്രോജക്ട് തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്. വികസനഫണ്ടിന്റെ ചെലവ് ശതമാനം കൂട്ടുന്നതിനായി പ്രോജക്ടിൽ വകയിരുത്തുന്ന തുക പൂർണ്ണമായും പിൻവലിച്ച് സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിക്കുകയും തൻവർഷം ആയതിൽ നിന്നും 40% തുക മാത്രം ചെലവഴിക്കുകയും ചെയ്യുന്ന നടപടി ക്രമാനുസൃതമല്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 515340/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0040/19

പ്രോജക്ടിന്റെ പേര് - പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

വികസന ഫണ്ട് - 312500/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) - 312500/-

ആകെ അടങ്കൽ - 625000/-

ചെലവ് വിവരം - ബിൽ നം.2/18-19/30.11.18/312500/-

ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 4 മുതൽ 6 മാസം പ്രായമുള്ള മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആരോഗ്യമുള്ള 25 കിടാങ്ങളെ തെരഞ്ഞെടുത്ത് ഇൻഷ്വർ ചെയ്യുകയും, കാലിത്തീറ്റ വിതരണം ചെയ്യുന്ന സൊസൈറ്റിയെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെടുകയും എല്ലാമാസവും ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുകയുമാണ് പ്രോജക്ടിന്റെ ലക്ഷ്യം.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) 312500/- രൂപ കാഫ് ഫീഡ് പ്രോഗ്രാം ഓഫീസർക്ക് നൽകി. 25 ഗുണഭോക്താക്കൾക്ക് 12500/- രൂപ വീതം 312500/- രൂപ എന്ന ഒരു ലിസ്റ്റ് മാത്രമാണ് ഫയലിലുള്ളത്.

2) 25 കിടാങ്ങളെ മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്തതിന്റെയും, ഇൻഷ്വർ ചെയ്തതിന്റെയും രേഖകളില്ല.

3) കാലിത്തീറ്റ വിതരണം ചെയ്യുന്ന സൊസൈറ്റിയെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളില്ല.

4) എല്ലാമാസവും ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/31.1.2020), ക്രമ നം. 2, 3 ലെ രേഖകൾ ഹാജരാക്കുന്നതാണെന്നും കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയ 312500/- രൂപയിൽ 174625/- രൂപയുടെ കാലിത്തീറ്റ കുഞ്ഞിതൈ സൊസൈറ്റി വഴി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാലും കാലിത്തീറ്റ വിതരണം പൂർണ്ണമാക്കാത്തതിനാലും ചെലവഴിക്കാൻ ബാക്കിയുള്ള 137875/- (312500-174625) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചിട്ടില്ല.

2016-17, 2017-18 വർഷങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷനായി ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുക വിനിയോഗിച്ച് ഇതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. 2018-19 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 36,40,182/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിന് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് ഒഴിവാക്കേണ്ടതാണ്. പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 പൊതുമരാമത്ത് മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ -പൊതു അപാകതകൾ

പൊതുമരാമത്ത് മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ കാണുന്ന പൊതു അപാകതകൾ താഴെ വിവരിക്കുന്നു

1. നിർമ്മാണ സ്ഥലം സംബന്ധിച്ചും ചെയ്യേണ്ട വർക്ക് സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

2. ആസ്തി പുനരുദ്ധാരണ വർക്കുകളിൽ നിലവിലുള്ള ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ആസ്തികളുടെ യുണീക് നമ്പർ പ്രോജക്ട് പത്രികയിൽ കാണിക്കുന്നില്ല. മാത്രമല്ല നിർമ്മാണം പൂർത്തിയാക്കിയ ആസ്തികളുടെ മൂല്യം ആസ്തി

രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. പല വർക്കുകളും കരാർവച്ചതിനുശേഷം ഒരു വർഷം കഴിഞ്ഞിട്ട് മാത്രമാണ് പൂർത്തിയാക്കിയതായി കാണുന്നത്.

4. പ്രവൃത്തി പൂർത്തീകരണ കാലാവധി ഫയലിൽ ചേർത്തിട്ടില്ല.

5. കരാറുകാരന് സൈറ്റ് കൈമാറിയതും വർക്ക് പൂർത്തീകരണത്തിനുശേഷം തിരികെ നൽകിയതും സംബന്ധിച്ച് രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

6. പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടില്ല.

7. അളവ് പുസ്തകത്തിൽ കാണിച്ചിട്ടുള്ള അളവുകൾ ശരിയാണെന്ന് കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. നിർമ്മാണ മേഖലയിൽ പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനായി പ്രോജക്ടുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഒരു പ്രോജക്ടിനു അംഗീകാരം നൽകിയെങ്കിലും നടപ്പാക്കിയില്ല.

മുകളിൽ ചേർത്തിട്ടുള്ള പോരായ്മകൾ സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയും വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഗൌരവമായി ചർച്ചചെയ്ത് ആയവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 കരാർ വച്ചതിനുശേഷം വർക്ക് പൂർത്തിയാക്കുന്നതിന് കാലതാമസം വന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് വർക്കുകൾക്ക് കരാർ വച്ചതിനുശേഷം വർക്ക് പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. എന്നാൽ നിയമം അനുശാസിക്കുന്ന രീതിയിൽ കാലാവധി നീട്ടിക്കൊടുക്കുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.

1. 97-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് (S.O)-പ്രോജക്ട് നം. S 102/19

കരാറുകാരൻ -ശ്രീ.മനോജ് കുമാർ.കെ.എസ്.

കരാർ - 31/AE/04-01-2018

പൂർത്തീകരണ കാലാവധി - 4 മാസം

PAC -99649/- രൂപ

അളവ് പുസ്തകം നം.327/17-18

ചെലവ് വിവരം -ബിൽ നം.24/19-3-2019 Rs.84294

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 04-01-2018 ൽ കരാർ വച്ചെങ്കിലും 06-03-2019 ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

2. PHC ഫാർമസി സ്റ്റോർ നിർമ്മാണവും കോമ്പൌണ്ട് ടൈലിംഗും (S.O)പ്രോജക്ട് നം.S 105/19

കരാറുകാരൻ -ശ്രീ.അജീഷ് അനീഷാലയം

കരാർ - 29/AE/04-01-2018

പൂർത്തീകരണ കാലാവധി - 4 മാസം

PAC -557562/- രൂപ

അളവ് പുസ്തകം നം.414/17-18, 415/18-18, 336/18-19

ചെലവ് വിവരം -ബിൽ നം.31/22-3-2019 Rs.28326(2017/ 18ൽ 449659/-രൂപ നൽകിയിരുന്നു.)

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 04-01-2018 ൽ കരാർ വച്ചെങ്കിലും 18-03-2019 ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

3. കൊരങ്ങാട്ട് മാലിപാലം നിർമ്മാണം (S.O)-പ്രോജക്റ്റ് നം. S106 /19

കരാറുകാരൻ -ശ്രീ.അജീഷ്

കരാർ - 22/AE/24- 11 2017

പൂർത്തീകരണ കാലാവധി - 6 മാസം

PAC -568388/- രൂപ

അളവ് പുസ്തകം നം./449, 447,426/2017-18

ചെലവ് വിവരം -ബിൽ നം.7/25 -9 -18 Rs.152309/- (2017/18 ൽ 394958/-രൂപ നൽകിയിരുന്നു.)

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 24-11-2017 ൽ കരാർ വച്ചെങ്കിലും 14-09-2018 ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

4. 80-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് (S.O ) പ്രോജക്റ്റ് നം. S 093/19

കരാറുകാരൻ -ശ്രീ.ഭാർഗ്ഗവൻ

കരാർ - 33/AE/8-1-18

പൂർത്തീകരണ കാലാവധി - 4 മാസം

PAC -84896/-രൂപ

അളവ് പുസ്തകം നം./427/17-18

ചെലവ് വിവരം -ബിൽ നം.3/23 -5 -18 Rs.71064

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 03-01-2018 ൽ കരാർ വച്ചെങ്കിലും 28-03-2019-ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

5. 80-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് (S.O ) പ്രോജക്റ്റ് നം. S 093/19

കരാറുകാരൻ -ശ്രീ.വരദകുമാർ

കരാർ - 38/AE/16–03-18

പൂർത്തീകരണ കാലാവധി - ചേർത്തിട്ടില്ല.

PAC -99981/-രൂപ

അളവ് പുസ്തകം നം.314 /18 -19

ചെലവ് വിവരം -ബിൽ നം.36/22 -3 -2019 Rs. 87638

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 16-03-2018 ൽ കരാർ വച്ചെങ്കിലും 06-03-2019-ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

6. വാലയിൽ ചക്കുങ്കൽ റോഡ് നിർമ്മാണം.(S.O ) പ്രോജക്റ്റ് നം. S 114/19

കരാറുകാരൻ -ശ്രീ.അജീഷ്

കരാർ - 42/AE/28 – 3 -18

പൂർത്തീകരണ കാലാവധി - ചേർത്തിട്ടില്ല.

PAC -290242/-രൂപ

അളവ് പുസ്തകം നം.323/18 -19

ചെലവ് വിവരം -ബിൽ നം.26 &27/22 -3 -2019 Rs. 200000 &81497

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 28-03-2018 ൽ കരാർ വച്ചെങ്കിലും 16-03-2019-ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

7. ഷൈലജ-മാമ്പറമ്പ് റോഡ് നിർമ്മാണം.(S.O ) പ്രോജക്ട് നം. S 115/19

കരാറുകാരൻ -ശ്രീ.വരദകുമാർ

കരാർ - 39/AE/28–03-18

പൂർത്തീകരണ കാലാവധി - ചേർത്തിട്ടില്ല.

PAC -417600/-രൂപ

അളവ് പുസ്തകം നം.339/18 -19

ചെലവ് വിവരം -ബിൽ നം.37/26 -3 -2019 Rs. 320426

ഈ വർക്കുമായി ബന്ധപ്പെട്ട് സൈറ്റ് കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 28- 3 -2018 ൽ കരാർ വച്ചെങ്കിലും 16-03-2019 ൽ മാത്രമാണ് വർക്ക് പൂർത്തിയായതായി അളവ് പുസ്തകത്തിൽ കാണുന്നത്.

മുകളിൽ ചേർത്തിട്ടുള്ള വർക്കുകൾ നിയമാനുസൃതമായ കാലയളവിൽ പൂർത്തീകരിച്ചതായി കാണുന്നില്ല. മാത്രമല്ല യഥാസമയം വർക്ക് പൂർത്തീകരിക്കാതിരിക്കുവാനുണ്ടായ കാരണങ്ങളോ കാലാവധി നീട്ടിതരണമെന്നുള്ള കരാറുകാരുടെ അപേക്ഷകളോ ഫയലിൽ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/31.01.2020) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്കനുസരണമായി കരാർ പ്രകാരമുള്ള കാലാവധികളുള്ളിൽ പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കേണ്ടതാണ്.

## 1-30 റൂഫ് മെയിന്റനൻസ് - പഴയസാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന റൂഫ് മെയിന്റനൻസ് വർക്കുകളിൽ, റൂഫ് മാറ്റിയിട്ടുണ്ടെങ്കിലും ആയത് ലേലം ചെയ്യുകയോ പുനർ ഉപയോഗം നടത്തുകയോ ചെയ്യതിന്റെ രേഖകൾ ഫയലിലോ അളവ് പുസ്തകത്തിലോ ചേർത്തിട്ടില്ല.

1. കടക്കരപ്പള്ളി ഗവൺമെന്റ് എൽ.പി.എസ്. ന് മേൽക്കൂര മെയിന്റനൻസ് (S.O.) പ്രോജക്ട് നം.S 104/19

പ്രോജക്ടിന്റെ ഇനം 1 ടൈൽഡ് റൂഫിംഗ് മാറ്റുന്നതാണ്.അളവ് പുസ്തകം 445/17-18 പ്രകാരം 276.78 $m^2$ അളവിൽ ടൈൽഡ് റൂഫിംഗ് മാറ്റുന്നതിന് $m^2$ ന് 133.60/- രൂപ പ്രകാരം 36977.80/- രൂപ കരാറുകാരനായ ശ്രീ.അജീഷിനു നൽകിയിട്ടുണ്ട് (ബിൽ നം.9 /24-10-2018 Rs.87648).

2. 88 -ാം നമ്പർ അംഗൻവാടി മേൽക്കൂര മാറ്റി സ്ഥാപിക്കലും ടോയ് ലറ്റ് നിർമ്മാണവും (S.O ) പ്രോജക്ട് നം. S096/19

പ്രോജക്ടിന്റെ ഇനം 24 ടൈൽഡ് റൂഫിംഗ് മാറ്റുന്നതാണ്. അളവ് പുസ്തകം 430, 431 /17-18 പ്രകാരം 55.8 $m^2$ അളവിൽ ടൈൽഡ് റൂഫിംഗ് മാറ്റിയിട്ടുണ്ട്. ഇത് ലിമിറ്റ് ചെയ്ത് 52.25 $m^2$ ആക്കി $m^2$ ന് 133.60/- രൂപ പ്രകാരം 6980.60 രൂപ കരാറുകാരനായ ശ്രീ.രാജേഷിനു നൽകിയിട്ടുണ്ട്.(ബിൽ നം.1/23-05-2018 Rs.201236) എന്നാൽ അളവ് പുസ്തകം 431/17-18 പേജ് 17 ൽ 975/- രൂപ ഈ ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

അറ്റകുറ്റപണികൾക്കായി പഴയ സാധനങ്ങൾ മാറ്റുമ്പോൾ ആയവയുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ

രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/31.01.2020) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

## 1-31 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ സപ്ലൈ ചെയ്തതിനു TDS പിടിച്ചില്ല

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ താഴെ പറയുന്ന വർക്കുകൾക്ക് 1934735.29/- രൂപയുടെ മെറ്റീരിയൽസ് സപ്ലൈ ചെയ്തിട്ടുണ്ട്. GST Act.2017 (sec 51) മായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 13-9-18 ലെ 511/18-ാം നമ്പർ സെയിൽസ് ടാക്സ് നോട്ടിഫിക്കേഷൻ പ്രകാരം GST രജിസ്ട്രേഷനുള്ള കരാറുകാർ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷം രൂപയിൽ അധികമായാൽ 2% TDS ഇനത്തിൽ ഈടാക്കി ശേഷിച്ച തുക മാത്രമേ കരാറുകാരനു നൽകാവൂ. എന്നാൽ താഴെ പറയുന്ന വർക്കുകൾക്ക് 1934735.29/-രൂപയുടെ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ശ്രീ.K.D.വരദകുമാർ കൈതക്കുഴി എന്ന കരാറുകാരനിൽ നിന്നും ഈ ഇനത്തിൽ തുക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേര് | ഉപയോഗിച്ച ഗ്രാവൽ/തുക | ഉപയോഗിച്ച ക്വാറി മക് / തുക | ആകെ/ബിൽ തീയതി |
|---|---|---|---|---|
| 1 | ചോനപ്പള്ളി വെളുത്തേടത്ത് ഗ്രാവൽ റോഡ് വാർഡ് 9 | 78.12m$^3$/ Rs. 73042.2 | 0 | 73042.2 7-3-2019 |
| 2 | 81-ാം നമ്പർ അംഗൻവാടി ഗ്രാവൽ റോഡ് വാർഡ് 12 | 113.35 m$^3$/ Rs.105982.25 | 75.56m$^3$ Rs.75560 | 181542.25 18-3-2019 |
| 3 | ചുള്ളിക്കൽ നടപ്പാത നിർമ്മാണം. വാർഡ് 2 | 43.2m$^3$ Rs.40392 | 0 | 40392 29-8-2019 |
| 4 | SNDPഒതേകാട് ഗ്രാവൽ റോഡ് .വാർഡ് 5 | 130 m$^3$ Rs. 121550 | 11.25 m$^3$ 11250 | 132800 28-3-2019 |
| 5 | അന്ത്രപ്പേർ ഗ്രാവൽ റോഡ് നിർമ്മാണം. വാർഡ് 3 | 150 m$^3$ Rs. 140250 | 0 | 140250 18-3-2019 |
| 6 | കുരിശിങ്കൽ ഗ്രാവൽ റോഡ് നിർമ്മാണം.വാർഡ് 3 | 135 m$^3$ Rs .126225 | 67.5 m$^3$ Rs .67500 | 193725 18-3-19 |
| 7 | കാക്കോത്തു മഠം നടപ്പാത വാർഡ് 6 | 42 m$^3$ Rs .39270 | 0 | Rs .39270 28-3-2019 |
| 8 | വലിയവെളി നികർത്തിൽ ഗ്രാവൽറോഡ് .വാർഡ് 6 | 178.5 m$^3$ Rs. 166897.5 | 0 | Rs166897.5 28-3-18 |
| 9 | ടീച്ചേഴ്സ് ലെയിൻ റോഡ് നിർമ്മാണം.വാർഡ് 6 | 144 m$^3$ Rs. 134640 | 0 | Rs. 134640 16-3-2019 |
| 10 | സ്നേഹതീരം 1003 ഗ്രാവൽ റോഡ് നിർമ്മാണം വാർഡ് 4 | 117 m$^3$ Rs. 109395 | 90m3 Rs. 90000 | Rs.199395 28-3-2019 |
| 11 | വാട്ടർ ടാങ്ക് നടപ്പാത വാർഡ് 12 | 38.18 m$^3$ Rs. 35698.3 | 25.45 m$^3$ Rs. 25450 | Rs.61148.3 18-3-2019 |

| | | | | |
|---|---|---|---|---|
| 12 | പാണ്ട്യാലക്കൽ നടപ്പാത വാർഡ് 12 | 46.5 $m^3$<br>Rs.42477.5 | 31 $m^3$<br>Rs.31000 | Rs.73477.5 |
| 13 | പൂപ്പള്ളി എരിയാപറമ്പ് ഗ്രാവൽ റോഡ് വാർഡ് 10 | 17.75 $m^3$<br>Rs.16595.54 | 164.04 $m^3$<br>Rs.164040 | Rs.180635.54 |
| 14 | വലിയപറമ്പ് ഗ്രാവൽ റോഡ് വാർഡ് 2 | 192 $m^3$<br>Rs.179520 | 138 $m^3$<br>Rs. 138000 | Rs.317520 |
| | ആകെ | | | Rs.1934735.29 |

കരാറുകാരനിൽ നിന്നും TDS ഇനത്തിൽ 38694.70/- രൂപ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.05.2019 | കെ. എസ്.എ-എ.എൽ.പി/പി.11-559/2019 തീയതി. 27.06.2019 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 681456 | ലൈഫ് ഭവനം (ജനറൽ) | 680000 | 1456 |
| | | 170000 | പച്ചക്കറികൃഷി വികസനം | 170000 | 0 |
| | | 72250 | നെൽകൃഷിക്ക് വിത്തും കൂലിയും | 72250 | 0 |
| | | 210000 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് | 208250 | 1750 |
| | | 50000 | പാലിയേറ്റീവ് കെയർ | 0 | 50000 |
| | | 200000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 200000 | 0 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1623347 | ലൈഫ് ഭവനം (ജനറൽ) | 1623347 | 0 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 34486000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവnw സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| HUDCO | - | 34486000 | 0 | 0 | 0 | 34486000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2010-11 | 4 | 2012-13 | ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പരിപാടിയും |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് സർട്ടിഫിക്കറ്റിന്റെ വിവരം | |
|---|---|---|---|---|---|---|
| 1 | 1997-98 | 17 | 1535 | ശ്രീ.എൻ.മോഹനൻ, സെക്രട്ടറി | LF9834/Spl Cell/CSC /B3/2002 തീയതി. 27.05.2002 | തുക ഒടുക്കിയിട്ടില്ല |
| 2 | 2006-07 | 3(7) | 119888 | ശ്രീ.കെ.എസ്.പ്രകാശൻ, സെക്രട്ടറി | LF734/Spl Cell/SC /B3/2013 തീയതി. 18.05.2015 | കേസ് തീർപ്പാക്കി. തുക ഒടുക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96222376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89800927 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2644071 |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 25000 | സ്വപ്ന. റ്റി.ആർ, കൃഷി ഓഫീസർ |
| 1-19 (I) | 1197496 | പത്മകുമാരി, എച്ച്.എം |
| 1-19(II) | 386290 | പത്മകുമാരി, എച്ച്.എം |
| 1-20(I) | 59500 | അഞ്ജലീദേവി. സി.എ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-21 | 142000 | ജലജകുമാരി. കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 91781 | ബിജുമോൾ. ആർ, വി.ഇ.ഒ, തങ്കി |
| 1-24 | 88789 | ഡോ. അഖില ബി ജയകുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-25 | 515340 | നിഷ.എ, വി.ഇ.ഒ, കടക്കരപ്പള്ളി |
| 1-26 | 137875 | ഡോ.റാണി ഭരതൻ, വെറ്ററിനറി സർജൻ |
| ആകെ | 2644071 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19(III) | 9982 |
| 1-20(I) | 10115 |

| | |
|---|---|
| 1-31 | 38695 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സ്വപ്ന റ്റി ആർ, കൃഷി ഓഫീസർ | കൃഷിഭവൻ, തുറവൂർ | നന്ദനം, പുത്തൻമഠം, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ പി.ഒ, എറണാകുളം |
| പത്മകുമാരി, എച്ച്.എം | സർവ്വീസിൽ നിന്ന് വിരമിച്ചു | കൃഷ്ണ, തൈക്കാട്ടുശ്ശേരി പി.ഒ, ചേർത്തല |
| അഞ്ജലീദേവി. സി.എ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ആലപ്പുഴ | മംഗലമുറ്റം, CMC-33, ചേർത്തല |
| ജലജകുമാരി. കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | സർവ്വീസിൽ നിന്ന് വിരമിച്ചു | തോപ്പുവെളി, വാരണം. പി.ഒ |
| ബിജുമോൾ. ആർ, വി.ഇ.ഒ, തങ്കി | വി.ഇ.ഒ., കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | ജയനിവാസ്, നോർത്ത് പാട്ടത്തിൽ മഠം, കടക്കരപ്പള്ളി |
| ഡോ. അഖില. ബി. ജയകുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി., കടക്കരപ്പള്ളി | കേശവവിലാസം, സി.എം.സി 3, ചേർത്തല പി. ഒ |
| നിഷ. എ, വി.ഇ.ഒ, കടക്കരപ്പള്ളി | വി.ഇ.ഒ., കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | മാടക്കാട്, അർത്തുങ്കൽ പി.ഒ |
| ഡോ. റാണി ഭരതൻ, വെറ്ററിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ, കടക്കരപ്പള്ളി | പുഷ്പസരസ്സ്, കടക്കരപ്പള്ളി പി.ഒ |

| | | |
|---|---|---|
| | | |

### 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ് .ജി.എ 5-1832/11/16-01-12 |
| 1997-98 | എൽ. എഫ്.ജി.എ 5 -1832/11/16-01-12 |
| 2001-02 | എൽ. എഫ് .ജി എ 5-1832/11/16.1.2012 |
| 2006-07,2007-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/11.4.2012 |
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/ 14.12.2012/8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി11/1175/16, 1-11-2016/2-12-2016 |

| | |
|---|---|
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി11/1034/17, 05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി11/1295/18, 05.09.2018 |

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

**അനുബന്ധം 1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ